# പതിനാലാം കേരള നിയമസഭ
# (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:116** **10.08.2017-ൽ മറുപടിയ്ക്ക്**

## ഫിഷറീസ് നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.എസ്.ശിവകുമാർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് ഫിഷറീസ് നയം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്.<br>08/08/1994 ലെ ജി.ഒ.(എം.എസ്) നമ്പർ 43/94/എഫ്&പിഡി ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഒരു മത്സ്യനയം തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത നയത്തിൽ മത്സ്യബന്ധനം, മത്സ്യകൃഷി, മത്സ്യ സംസ്കരണം, മത്സ്യ സംരക്ഷണം എന്നീ മേഖലകളിൽ ഉണ്ടായിട്ടുള്ള കാലോചിതമായ മാറ്റങ്ങൾ ചേർത്തും മത്സ്യകൃഷി നയം, ജലാശയങ്ങൾ പാട്ടത്തിന് നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ, പൈതൃക മത്സ്യകൃഷി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്നിവ ഉൾപ്പെടുത്തി പരിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും മത്സ്യനയം 2016 തയ്യാറാക്കുന്നതിനായി 30/09/2016 ലെ സ. ഉ. (സാധാ) നം. 648/16/മ.തു.വ ഉത്തരവ് പ്രകാരം ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, ഫിഷറീസ് ഡയറക്ടർ വൈസ് ചെയർമാനും ഫിഷറീസ് അഡീഷണൽ ഡയറക്ടർ കൺവീനറും വിവിധ ശാസ്ത്രജ്ഞരും മത്സ്യത്തൊഴിലാളികളും മത്സ്യ കർഷകരും അംഗങ്ങളായ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റി യോഗങ്ങൾ ചേർന്ന് പുതുക്കിയ ഫിഷറീസ് നയം തയ്യാറാക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. |
| ബി) മത്സ്യബന്ധന മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിവരിക്കുമോ; | ബി) മത്സ്യത്തൊഴിലാളി വികസനം, മത്സ്യബന്ധനം, മത്സ്യകൃഷി, മത്സ്യ സംസ്കരണം തുടങ്ങിയ എല്ലാ മേഖലയിലും സമഗ്ര വികസനത്തിലും സംരക്ഷണത്തിലും ഊന്നിയ ഒരു നയം തയ്യാറാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സമുദ്ര മത്സ്യ സമ്പത്ത്, ഉൾനാടൻ മത്സ്യ സമ്പത്ത്, ജല സംഭരണിയിലെ മത്സ്യബന്ധനം, മത്സ്യകൃഷി, സംയോജിത മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി, മത്സ്യ സംസ്കരണം, മത്സ്യബന്ധന തുറമുഖങ്ങളും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും, മത്സ്യത്തൊഴിലാളി വികസനം, തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനം, സഹകരണ സ്ഥാപനങ്ങൾ, ലിംഗ സമത്വം, തീര പരിസ്ഥിതി, വിജ്ഞാന വ്യാപനം, മാനുഷിക വികസനം പദ്ധതി നിർവ്വഹണവും ഭരണ നവീകരണവും എന്നീ 15 വിഷയങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

| | |
|---|---|
| സി) പ്രസ്തുത നയം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | സി) പുതുക്കിയ മത്സ്യനയം (ഫിഷറീസ് പോളിസി) തയ്യാറാക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ആഫീസർ